**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3894** **09-10-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യസംഘങ്ങൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ വട്ടിപ്പലിശക്കാരിൽ നിന്നും പണം കടമെടുക്കുന്നതുമൂലം കഷ്ടത അനുഭവിക്കുന്നത് തടയാൻ മത്സ്യസംഘങ്ങൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ വട്ടിപ്പലിശക്കാരിൽ നിന്നും പണം കടമെടുക്കുന്നതുമൂലം കഷ്ടത അനുഭവിക്കുന്നത് തടയുന്നതിനായി മത്സ്യഫെഡ് മുഖേന ദേശിയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) സഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) പ്രകാരം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ നൽകി വരുന്നു. പ്രസ്തുത വായ്പ പലിശരഹിതമായിട്ടാണ് 2018 - 19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്. 2023 മുതൽ ഐ.എഫ്.ഡി.പി പദ്ധതിയിൽ മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് നൽകി വരുന്ന വായ്പയുടെ പരിധി ചെറിയ ഗ്രൂപ്പുകൾക്ക് 5 ലക്ഷം രൂപയും, താങ്ങുവല, ചൂടവള്ളം യൂണിറ്റുകൾക്ക് 40 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. എൻ.സി.ഡി.സി.-യിൽ നിന്നും വിവിധ ഐ.എഫ്.ഡി.പി പദ്ധതികളിലായി ലഭിച്ച 601.71 കോടി രൂപയും, മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും 66.65 കോടി രൂപയും ഉൾപ്പെടെ 668.36 കോടി രൂപ മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് ഉപകരണ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | മത്സ്യസംഘങ്ങൾ വഴി പലിശരഹിത ഹ്രസ്വകാല വായ്പ അനുവദിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | മത്സ്യഫെഡിൽ അഫിലിയേഷനുള്ള മത്സ്യലേലത്തിൽ സഹകരിച്ചു വരുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾക്ക് മത്സ്യ ലേലം ശക്തിപ്പെടുത്തുന്നതിനായി പരമാവധി 50 ലക്ഷം രൂപ വരെ പലിശരഹിതമായി 3 മാസ കാലയളവിൽ സഹകരണ സംഘങ്ങൾക്ക് ഹ്രസ്വകാല പ്രവർത്തന മൂലധന വായ്പ നൽകി വരുന്നു. നാളിതുവരെ 1855.65 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ ടി ഇനത്തിൽ വിവിധ സംഘങ്ങൾക്കായി വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | മത്സ്യ സംഘങ്ങളെ ശക്തിപ്പെടുത്തി മത്സ്യ തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ പുതിയ പദ്ധതികൾ ഈ സംഘങ്ങൾ മുഖേന നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | മത്സ്യ സംഘങ്ങളെ ശക്തിപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി പ്രകാരം ഭരണസമിതി നിലവിലുള്ളതും, എന്നാൽ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതുമായ പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് പ്രത്യേക പദ്ധതി രൂപികരിച്ച് വരുമാനം ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും 10 ജില്ലകളിലായി 68 സഹകരണ സംഘങ്ങൾക്ക് 295.34 ലക്ഷം രൂപ ശാക്തീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പയായി അനുവദിച്ച് നൽകിയിട്ടുണ്ട്<br><br>പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക സഹകരണ സംഘങ്ങളെ ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (FFPOs) ആയി ശാക്തീകരിക്കുന്ന പദ്ധതി പ്രകാരം നിലവിലുള്ള 124 പ്രാഥമിക സഹകരണ സംഘങ്ങളെയും, നാല് പുതിയ സഹകരണ സംഘങ്ങളെയും തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് മാനേജ്മെന്റ് കോസ്റ്റായി 5 ലക്ഷം രൂപ വരെയും, ഇക്വിറ്റി ഗ്രാന്റായി 10 ലക്ഷം രൂപയും, പുതിയ സഹകരണ സംഘങ്ങൾക്ക് മാനേജ്മെന്റ് കോസ്റ്റായി 18 ലക്ഷം രൂപയും, ഇക്വിറ്റി ഗ്രാൻറായി 15 ലക്ഷം രൂപയും പദ്ധതിയിലൂടെ ലഭ്യമാകുന്നു. മാനേജ്മെന്റ് കോസ്റ്റായി സഹകരണ സംഘങ്ങൾക്ക് 274.16 ലക്ഷം രൂപയും ഇക്വിറ്റി ഗ്രാന്റായി 329.90 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.<br><br>പ്രധാനമന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹ് യോജന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 88 സഹകരണ സംഘങ്ങളെ ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (FFPOs) ആയി ശാക്തീകരിക്കുന്നതിനും, ഈ സംഘങ്ങൾക്ക് 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ